KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

SCHOOL KALOLSAVAM PROGRAMME COMMITTEE KERALA 2017

Code No. 108

വിഷയം - "ഒരു മിസ്ഡ് കോളിന്റെ ദൂരം."

## മറുപുറം

മിശലയുടെ വീട്ടിൽ മേഘങ്ങളെ തള്ളിമാറ്റിക്കൊണ്ട് തലപൊക്കിനിൽക്കുന്ന
പെയ്യാൻ കാത്ത് നിൽക്കുകയാണ് കാർമേഘം. നല്ലപോലെ വെളുത്തിട്ടാ-
ണെങ്കിലും സേതുരാമന്റെ മുഖം കറുത്തിരുണ്ട് എപ്പോൾ വേണ-
മെങ്കിലും കേറിയടിക്കാം എന്ന നിലയിൽ നിൽക്കുകയാണ്.
അയാൾ ആ വലിയ വീടിന്റെ വിശാലമായ ഉമ്മറത്തിൽ
അലക്ഷ്യേന തെക്കു വടക്കു നടക്കുകയാണ്. ഭീകരമായ പാപ
ചങ്ങലയിൽ കുരുങ്ങപ്പെട്ട് തന്റെ തെറ്റിന്റെ വികൃത കാത്ത്
നിൽക്കുന്ന പ്രതി രൂപേണ നിൽക്കുകയാണ് മിശല! അയാൾ
മൗനം വെടിയാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നില്ല. കൂടെ കൂടെ
ഭയം കൊണ്ട് വിറക്കുന്ന കണ്ണുകളാൽ ഒരു നോട്ടം പായിക്കാൻ
അവൾ ശ്രമിക്കുന്നുണ്ടായിരുന്നു. ഗോതമ്പിന്റെ നിറമുള്ള മിശലയും
പൊന്നിൻ നിറമുള്ള ആഭരണങ്ങളും മാറ്റുരച്ചാൽ ആ ആഭരണ-
ത്തിന് ഭംഗി നൽകുന്നത് അവളുടെ ശരീരസൗന്ദര്യമായിരുന്നു.
സാമ്പത്തികമായി വളരെ നല്ല നിലയിൽ തന്നെ ജീവിക്കാൻ
ഇന്നും മിശലക്ക് സാധിക്കുന്നു.

നിർജ്ജീവമായിരുന്നു മിശല! രണ്ട് മക്കളും പുറത്ത് പോയിരിക്കുകയാണ്
അല്ലെങ്കിൽ ~~മറ്റൊരർത്ഥത്തിൽ~~ മറ്റൊരർത്ഥത്തിൽ അവരെ നിർബന്ധന-
യുടെ അസഹനീയതയിൽ എത്തിച്ചു പറഞ്ഞയച്ചതാണ്
സേതുരാമൻ! ഇത്തരം ഒരു കാർമേഘം മൂടിയ, എപ്പോൾ

Scanned by CamScanner

KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE

വേണമെങ്കിലും ഇടിയും ഒപ്പം മിന്നലും ഈ അന്തരീക്ഷത്തെ അതിതീവ്രമാക്കാനും സാധിക്കുന്നതിനായി.

മൗനമായ അന്തരീക്ഷത്തിൽ മൗനമായി ആർദ്രമായി മിഴല ശബ്ദിച്ചു: "സേതുവേട്ടാ...." ആ വിളി പ്രതീക്ഷയുടേതായിരുന്നു. തന്റെ പ്രിയതമന്റെ മുഖഭാവം ശാന്തമാക്കാൻ അവളുടെ അവസാന ശ്രമം. "ഞാൻ ഒന്നും അറിഞ്ഞിട്ടില്ല. മൊബൈൽ ചാർജ്ജ് തീർന്ന് ഇന്നലത്തന്നെ ചത്തു. ഇന്നിവിടെ കണ്ടും...." മുഴുമിപ്പിക്കാൻ സാധിക്കാത്ത വെള്ളിടിവാളിന്റെ ഘോരമായ ചീളുകൾ അവളുടെ ഗോതമ്പുകവിളുകളിൽ പതിഞ്ഞിരുന്നു. വെളുത്തപാലിലെ കുങ്കുമപ്പൂ പോലെ നാല് വിരലുകൾ... ഒരു പ്രതികരണവും അവളുടെ ഭാഗത്ത് നിന്ന് ഉയർന്നില്ല. വേദനകൊണ്ട് അലറിവിളിച്ചില്ല! ക്രോധം കൊണ്ട് പൊട്ടിത്തെറിച്ചില്ല! ആ അന്തരീക്ഷം വീണ്ടും പുതിയ ശാന്തിയിലേക്ക് സഞ്ചരിച്ചു. സേതുരാമൻ തന്റെ ജോലി തീർന്നെന്ന ഭാവത്തിൽ മുകൾനിലയിലേക്ക് കാൽവച്ചു.

പൂമുഖത്തിൽ നിന്ന് മുറിയിലേക്ക് കാൽകൾ വയ്ക്കുമ്പോൾ മിഴലയുടെ കാൽകൾ ഒരുപാട് ഭാരമുള്ളതായി തോന്നി. മുറിയിലേക്കുള്ള ദൂരം തൊട്ടരുകത്തുണ്ടെങ്കിലും അങ്ങകലെയായി തോന്നി. അവളുടെ മനസ്സ് സംശയത്തോടെ ചോദിച്ചു:

"എന്താ മിഴലേ നീ ചെയ്യാത്ത കുറ്റത്തിന് മുഖം ചോരപ്പിച്ചത്?
എന്തേ നീ പ്രതികരിച്ചില്ല?"

ഒരു മന്ദഹാസം ആ ചുണ്ടിൽ വിരിഞ്ഞു. എന്നിട്ട് തന്റെ വിലാപമോതുന്ന മനസ്സിനോട് പറഞ്ഞു:

CODE No : 108

KERALA SCHOOL KALOLSAVAM 2017
PROGRAMME COMMITTEE

"നീയെന്താ ഒന്നും അറിയാത്ത പോലെ! അപ്രതീക്ഷിതമായി
കിട്ടുന്ന സമ്മാനങ്ങൾക്കേ അത്ഭുതത്തിന്റെ സുഖഗന്ധമുണ്ടാവൂ.
അതെന്നും പതിവുള്ള സമ്മാനമാണെങ്കിൽ അതിന്റെ സുഖഗന്ധം
പോലും മധുരമില്ലാത്ത തേൻ പോലെയാണ്"

മനസ്സിനെ ഇങ്ങനെയെല്ലാം ആശ്വസിപ്പിക്കുന്നുണ്ടെങ്കിലും അവളെ
സമാധാനിപ്പിക്കാൻ സാധിക്കുന്നില്ല. മുറിയിലേക്ക് കടന്നതും
വെളിച്ചം മറച്ച് അന്ധകാരത്തിലേക്ക് അവൾ കുതിച്ച് ചാടി.
തലയണയിൽ മുഖമമർത്തി കൈകൾ തല്ലി അവൾ നിശബ്ദം
തേങ്ങി. "ഈശ്വരാ... ഞാനെന്ത് തെറ്റ് ചെയ്തു?" വിമലയുടെ
വാക്കുകൾ ഇടയിൽ മുറിഞ്ഞ് പോയി. ഈ വീട്ടിൽ ഒന്നലറി
കരയാൻ പോലും സാധിക്കുന്നില്ല. മാതാപിതാക്കളെ ദൈവതുല്യം
ബഹുമാനിക്കുന്ന മകൾ അച്ഛന്റെ ചെന്നായ മുഖം കാണാതിരിക്കാൻ
സന്തോഷത്തിന്റെ അതിരില്ലാത്ത മുഖം ഞാൻ വച്ച്കെട്ടും. എന്നും
അഭിനയിക്കാൻ വെറുക്കുന്ന മുഖം. കട്ടിലിൽ മലർക്കെ കിടന്ന്
എന്നത്തെയും പോലെ അവൾ ചിന്തിച്ചു. താൻ വെറുക്കുന്ന
ഈ മുഖം ധരിക്കാൻ കൊതിച്ചിരുന്ന ആ കൗമാര കാലം....
തന്റെ എല്ലാമെല്ലാമായി കണ്ടിരുന്ന സേതുവേട്ടന്റെ സ്നേഹം
അറിഞ്ഞ നാളുകൾ.....
ഓർമ്മ പുസ്തകത്തിന്റെ താളുകൾ ആദ്യ പുറങ്ങളെ തേടി.
അവസാനം എല്ലാം തുടങ്ങിയ ദിവസം തലച്ചോറിൽ കയറി
മിഴിയിൽ തെളിഞ്ഞു.

Scanned by CamScanner

CODE NO:- 108

KERALA SCHOOL KALOLSAVAM-20.. PROGRAMME COMMITTEE

ഞാൻ 23-ാം വയസ്സിലാണ് ആദ്യമായി ഫോൺ കയ്യിൽ
കിട്ടിയത്. ബാങ്ക് അക്കൗണ്ടന്റ് ആയപ്പോൾ ഏതൊരാവശ്യത്തിനും
മൊബൈൽ ഫോൺ ഒരവിഭാജ്യ ഘടകമായിത്തീർന്നു.
എനിക്കൊരു ഉത്സവമായിരുന്നു ആ നാളുകൾ. കൂട്ടുകാരെയും
വീട്ടുകാരെയും തൊട്ടടുത്തറിയുന്നവരെയും ഒന്നും കാണാതെ
കാണാം. മൊബൈൽ വാങ്ങിയതിന്റെ കൃത്യം 5 മാസങ്ങൾക്കുശേഷം
അപരിചിതമായ ഒരു നമ്പർ ഫോണിൽ തെളിഞ്ഞു. ഒരു
സന്ദേശമായിരുന്നു. 'പ്ലീസ് കോൾ മി ഇമ്മീഡിയറ്റ്ലി'. ഞാൻ ഒന്നു
പകച്ചു. ഈ നമ്പറിൽ വിളിച്ചാൽ ഇനി വല്ല പ്രശ്നങ്ങളുണ്ടാ-
കുമോ? പക്ഷെ മനസിൽ തെളിഞ്ഞ മറുചോദ്യത്തിനോട്
ഞാൻ പരാജയപ്പെട്ടു." ബാങ്കിലെ എന്തെങ്കിലും ആവശ്യത്തിന്
ആരെങ്കിലും വിളിക്കുന്നതായിരിക്കും എന്തായാലും ഒന്ന്
വിളിച്ച് നോക്കുന്നതിൽ തെറ്റില്ല!" മനം പോകുന്ന വഴിയെ
ഞാൻ സഞ്ചരിച്ചു. തെല്ല് ഭയത്തോടെയാണെങ്കിലും ഞാൻ
ആ സന്ദേശക്കാരിയെ അറിയാൻ ആ നമ്പറിൽ വിളിച്ചു.
"ഹലോ!!!" ഞാൻ തന്നെ ആദ്യം തുടങ്ങി. "ഹലോ ആരാണ്?"
മറുഭാഗം തികച്ചും അപരിചിതം. "ഞാൻ കോട്ടയത്തുന്ന്
വിളിക്കുവാ എന്റെ നമ്പറിലേക്ക് ഈ നമ്പറിൽ നിന്ന് ഒരു
മെസ്സേജ് വന്നു കോൾ മി ഇമ്മീഡിയറ്റ്ലി എന്ന്. അതുകൊണ്ട്..."
പിന്നെന്താണ് പറയേണ്ടതെന്ന് എനിക്ക് അറിയില്ലായിരുന്നു.
മറുപുറത്ത് നിന്ന് ക്ഷമാപണം ഉയർന്നു. "ക്ഷമിക്കണം
അറിയാതെ പറ്റിയതാ" പിന്നീട് എന്തൊക്കെയോ പിറുപിറു-
ത്ത് അയാൾ ഫോൺ വച്ചു പോയി. അതോടൊപ്പം ആ
സംഭവം എന്റെ മനസ്സിൽ നിന്നും പോയി.

KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE

ഒരാഴ്ചക്ക് ശേഷം അതേ നമ്പറിലേക്ക് തെറ്റി ഞാൻ വിളിച്ചു. ഞാൻ പോലുമറിയാതെ അയാളോട് എന്തൊക്കെയോ ~~സംസാരിച്ചു~~ സംസാരിച്ചു സംസാരം വ്യക്തിഗതമായി തിരഞ്ഞപ്പോൾ പരസ്പരം കാണുവാൻ ഞങ്ങൾ തീരുമാനിച്ചു. ആ കൂടിക്കാഴ്ച എന്റെ അമ്മയറിയാതെ ഞാൻ ചെയ്ത ആദ്യത്തെ തെറ്റായിരുന്നു. ഞങ്ങൾ പെട്ടന്ന് തന്നെ അടുത്തു. സാധാരണ സംഭവം പോലെ തന്നെ ഒരു സൗഹൃദം പതിയെ വളർന്ന് പ്രണയമായ് വിരിഞ്ഞുതുടങ്ങി. സേതുവേട്ടൻ അക്കാലത്തെന്റെ ശ്വാസമായിരുന്നു.

രണ്ട് വർഷത്തെ ഒരു നീണ്ട പ്രണയകാലത്തിനുശേഷം ഞങ്ങൾ രണ്ട് കുടുംബങ്ങളുടെയും ആശിർവാദം കൊണ്ട് വിവാഹിതരായി. സ്വപ്ന തുല്യമായ ഒരു ജീവിതമാണ് എനിക്ക് ലഭിച്ചത്. രാത്രിയുടെ യാമങ്ങളിൽ ഞാൻ പലതവണ അത് സേതുവേട്ടനോട് ഏറ്റ് പറഞ്ഞിട്ടുണ്ട്. സ്നേഹപ്രവർത്തകരുടെയും കുടുംബക്കാരുടെയും മുൻപിൽ ~~അഹങ്കാര~~ ഞാൻ അഭിമാനത്തോടെ നിന്നു. ഒരു വർഷത്തിനു ശേഷം ഞാൻ തിരിച്ചറിഞ്ഞു ഞാൻ അഭിമാനത്തോടെ, അഹങ്കാരത്തോടെ ചൂടിയത് മുൾക്കിരീടമായിരുന്നു. സ്നേഹത്തിന്റെ പനിനീർ പൂക്കൾ വിരിഞ്ഞ ഞങ്ങളുടെ ജീവിത കാലയളവിൽ പതിയെ മുൾച്ചെടികൾ മാത്രം അവശേഷിക്കാൻ തുടങ്ങി.

ഒരു ദിവസം സേതുവേട്ടൻ കുളിക്കുമ്പോൾ എനിക്ക് ഒരു മിസ് കോൾ വന്നു. ഞാൻ അപരിചിത നമ്പർ കണ്ട് പ്രതികരിച്ചില്ല. പിന്നീട് രണ്ട് മൂന്ന് തവണ ഫോൺ ശബ്ദിച്ചു നിന്നപ്പോൾ ഞാൻ തിരിച്ചു വിളിച്ചു.

Scanned by CamScanner

CODE NO : 108

SCHOOL KALOLSAVAM PROGRAMME COMMITTEE

"ആരാണ്?" ഞാൻ ചോദിച്ചു. തെറ്റി വന്നതാണ് എന്നും ക്ഷമിക്കണം എന്നും പറഞ്ഞപ്പോൾ നിറഞ്ഞ ചിരിയോടെ ഞാൻ 'ശരി' എന്ന് പറഞ്ഞ് ഫോൺ വച്ചു. തിരിഞ്ഞു നോക്കി-യപ്പോൾ ദേഷ്യത്തോടെ നോക്കി നിൽക്കുന്ന സേതുവേട്ടനെ കണ്ടു.

"ഇത്ര പെട്ടന്ന് കുളി കഴിഞ്ഞോ?" ഞാൻ അതേ ചിരിയോടെ ചോദിച്ചു.

"ആരാണ് വിളിച്ചത്?" അദ്ദേഹം ഗൗരവം വിടാതെ ചോദിച്ചു.

"അത് ഒരു മിസ്സ് കോൾ കിടക്കുന്നു എന്റെ ഫോണിൽ, തിരിച്ച് വിളിച്ചു. റോങ്ങാണെന്ന് പറഞ്ഞു വച്ചു. അല്ലെങ്കിലും" ഞാൻ നിസാരമായി തള്ളിക്കളഞ്ഞ കാര്യം അദ്ദേഹം ഗൗരവ-ത്തോടെ എടുത്തു. ഫോൺ കോഴിയെ പോലെ ചിക്കിചികയുന്ന-ത് കണ്ടപ്പോൾ എന്നെ അവിശ്വസിക്കുന്നത് സംശയം കൊണ്ടാണെന്ന് പറഞ്ഞു. അതോടെ പ്രണയവല്ലരി പൂത്ത് നിന്ന ശിലയുടെയും സേതുരാമന്റെയും പൂക്കാവനം. വന്യമൃഗങ്ങളുടെ മൽപിടുത്തത്തിന്റെ രക്തക്കറ പുരണ്ട കാടായി. ~~ഒന്നാമ~~

ഒന്നാമത്തെ മകന്റെ ജനനം വീണ്ടും പഴയതെല്ലാം തിരിച്ചു കൊണ്ടുവരുകയായിരുന്നു. ജീവിതത്തിൽ ഒരർത്ഥം വന്ന് തുടങ്ങിയ പ്രതീതി ഇരുവരിലും. വീണ്ടും ഉദയം ചെയ്തു. രണ്ടാമത്തെ മകളുടെ ഒന്നാം പിറന്നാളിന് ശേഷം ഉദിച്ച സൂര്യൻ വീണ്ടും അസ്തമിക്കുകയായിരുന്നു.

Scanned by CamScanner

PROGRAMME COMMITTEE

ഒരു മിസ്ഡ് കോൾ തന്നെയാണ് അതിനും ഹേതു.
അങ്ങനെ വീണ്ടും ഞങ്ങൾ രണ്ട് ധ്രുവങ്ങളിലേക്ക് [illegible]
ഒരു മിസ്ഡ് കോൾ അല്ല കമ്പനിക്കാർ വിളിച്ചാൽ പോലും
സംശയത്തിന്റെ നിഴലുകൊണ്ട് ചുഴിഞ്ഞ് നോക്കും. പിന്നെ
ഇന്ന് സംഭവിച്ച പോലെ ഒരടി. അതോടെ ഞങ്ങൾ തമ്മിലു
ള്ള സമ്പർക്കം തീർന്നു. പകരം ഞങ്ങളുടെ പൊന്നു
മക്കൾക്ക് മുൻപിൽ മാതൃകാ ദമ്പതികളായി അഭിനയിച്ചു
ജീവിക്കുന്നു.

.... ഓർമ്മത്താളുകളിൽ തെളിഞ്ഞ നൊമ്പരക്കടലിന്റെ
ആഴങ്ങളിൽ നിന്ന് രക്ഷപ്പെടാനായി ഒരു നിശ്വാസം
മിശല പുറത്തുവിട്ടു. ഇതേനേരം താൻ ഉള്ളിൽ വഹിച്ച
ചൂട് നിശ്വാസം വഴി ഈ ഇരുട്ട് മുറിയാകെ പടർന്നിരിക്കുന്നു
എന്നവൾക്ക് തോന്നി. ഒരു മിസ്ഡ് കോൾ അടുപ്പിച്ച
ഒരു ജീവിതങ്ങൾ..., അതേ മിസ്ഡ് കോൾ തന്നെ
അകറ്റിയ പിണ്ഡങ്ങളാക്കി മാറ്റി. അവൾ മനസ്സിൽ
ചിന്തിച്ചു 'സേതുവേട്ടാ നിങ്ങൾ എന്നിൽ നിന്ന് ഒരു
മിസ്ഡ് കോളിനേക്കാൾ ദൂരത്തിലാണല്ലോ? ....'
ആലോചനയെ പ്രതിമയാക്കി കുട്ടികൾ വന്നു. മിശൽ
മന്ദഹസിച്ചു. മുറിയിൽ നിന്നു വേഗം മുകളിലേക്ക് പോയി.
അതേ ഗോവണിപ്പടികളിൽ തിരിച്ചിറങ്ങി ~~മി~~ മുകളിലേക്ക്
നോക്കി വിളിച്ചു "സേതുവേട്ടാ... ദാ മക്കള് വന്നു. ഒന്നെഴു-
ന്നേറ്റ് വാ..."
ഇനിയൊരു ജീവിതം ഉണ്ടോ എന്ന ചോദ്യവുമായി മിശല ~~മി~~
വീണ്ടും ജീവിതമെന്ന സ്റ്റേജിൽ ഒരു അഭിനേത്രിയായി!

Scanned by CamScanner